# അടിയന്തര ശ്രദ്ധയ്ക്ക്

# നമ്മുടെ വീടും, സ്ഥാപനവും ശുചിയാക്കാം

പ്രിയരെ,

നമ്മുടെ നാട് കൊതുകുജന്യമായ പകർച്ചവ്യാധികളാൽ അതീവ ഗുരുതരമായ ആരോഗ്യാവസ്ഥയിലാണ്. സർക്കാറും, തദ്ദേശഭരണസ്ഥാപനങ്ങളും, ഹരിതകേരളം മിഷനും നിരവധി നടപടികളുമായി മുന്നോട്ടുപോകുന്നുണ്ടെങ്കിലും പകർച്ചവ്യാധികളെ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കുന്നില്ല. നമ്മുടെ വീടും,സ്ഥാപനങ്ങളും, പൊതു ഇടങ്ങളും ശുചിയോടെ പരിപാലിച്ച് കൊതുക്, ഈച്ച, എലി, തെരുവ് നായ തുടങ്ങിയവ വളരാനുള്ള സാഹചര്യം ഇല്ലാതാക്കുക എന്നതാണ് പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രധാന പ്രതിരോധം. ഇന്നത്തെ അടിയന്തര സാഹചര്യത്തിൽ, യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യാനുള്ള ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.ഓരോ വീട്ടുകാരും, സ്ഥാപനമേധാവികളും, സമൂഹവും കൈകോർത്തുപിടിച്ച് ശ്രമിച്ചാൽ ഈ കാര്യങ്ങൾ നമുക്ക് സമയബന്ധിതമായി ചെയ്യാൻ കഴിയും.

1. വീടിനുള്ളിലും, സ്ഥാപനങ്ങളിലും, പരിസരത്തും, പൊതു ഇടങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുക.അടപ്പില്ലാത്ത വെള്ളടാങ്കുകൾ കൊതുകുവലകൊണ്ട് മൂടുക. വെള്ളം കെട്ടിക്കിടക്കുന്ന കുഴികൾ മണ്ണിട്ട് മൂടുക.

2. വെള്ളം ശേഖരിക്കുന്ന പാത്രങ്ങൾ ആഴ്ചയിലൊരിക്കൽ കഴുകി ഉണക്കുക. ഫ്രിഡ്ജ്, കൂളർ എന്നിവയുടെ അടിഭാഗത്ത് ശേഖരിക്കുന്ന വെള്ളം മൂന്ന് ദിവസത്തിലൊരിക്കൽ നീക്കിക്കളയുക.

3. വീട്ടിനുള്ളിലും പരിസരത്തും കാണുന്ന ചിരട്ട, മുട്ടത്തോട്,പൊട്ടിയ പാത്രങ്ങൾ, ടയറുകൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ, കുപ്പികൾ, തുടങ്ങിയവ മാറ്റുകയോ കമിഴ്ത്തി വെക്കുകയോ ചെയ്യുക. പാഴ് വസ്തു വ്യാപാരികൾക്ക് കൈമാറ്റം ചെയ്യുക.

4. പൂച്ചട്ടി, വാഴയില, ചെടികൾ, മരങ്ങൾ എന്നിവയുടെ അടിയിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളയുക.

5. ടോയ് ലറ്റ്, കുളിമുറി, അടുക്കള തുടങ്ങിയവയിൽ നിന്നും പുറത്തേക്ക് വെള്ളം ലീക്ക് ചെയ്യുന്നുണ്ടെങ്കിൽ അത് ഒഴിവാക്കുക. പൊതു ഇടങ്ങളിലാണെങ്കിൽ ഇക്കാര്യം തദ്ദേശഭരണസ്ഥാപന അധികൃതരെ അറിയിക്കുക. സ്ഥാപനങ്ങളിലാണെങ്കിൽ സ്ഥാപന അധികൃതരെ അറിയിക്കുക.

6. അക്വേറിയത്തിലെ വെള്ളം ഇടക്കിടെ മാറ്റുകയും കൂത്താടികളെ നശിപ്പിക്കുന്ന ഗപ്പി, ഗാംബൂസിയ, മാനത്തുകണ്ണി തുടങ്ങിയ മൽസ്യങ്ങളെ നിക്ഷേപിക്കുകയും ചെയ്യുക.

7. വീടിനകത്തും സ്ഥാപനങ്ങളിലും വളർത്തുന്ന ചെടികൾ, കർട്ടനുകൾ, മുഷിഞ്ഞ തുണികൾ എന്നിവ വൃത്തിയാക്കി സൂക്ഷിക്കണം. കുളിമുറിയിലെ നനഞ്ഞ ഇടങ്ങൾ, വാഷ്ബേസിനിലേയും, സിങ്കിലേയും മറ്റുമുള്ള മലിനജലപൈപ്പുകൾ, ക്ളോസറ്റ്, ഫ്ളഷ്ടാങ്ക് തുടങ്ങിയവയൊക്കെ കൊതുകുകൾക്ക് മുട്ടയിടാൻ പറ്റിയ ഇടങ്ങളാണ്. ഇവിടങ്ങളിലെല്ലാം സ്ഥിരമായി ശുചീകരണം നടത്തണം.

8. ഭക്ഷണാവശിഷ്ടങ്ങളും മാലിന്യങ്ങളും വലിച്ചെറിയാതെ സംസ്കരിക്കണം. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി കമ്പോസ്റ്റിങ്ങ്, കിച്ചൺബിൻ, ബയോഗ്യാസ് പ്ളാന്റുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തണം. അജൈവ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുകയും പിന്നീട് സംസ്കരണത്തിനായി കൈമാറുകയും ചെയ്യുക.

**ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്ത്**

**ശുചിത്വ കേരളത്തിനായി നമുക്ക് ഒരുമിച്ച് മുന്നേറാം.**

ഹരിതകേരളം മിഷൻ